നിർദ്ദിഷ്ട അതിവേഗ റെയിൽപ്പാത നിലവിലുള്ള റെയിൽ/നാഷണൽ ഹൈവേയിൽ നിന്നും മാറി അധികം ജനവാസമില്ലാത്ത സ്ഥലങ്ങളിലൂടെയാണ് കടന്ന് പോകുന്നത്. ജനവാസം കൂടിയ സ്ഥലങ്ങളിൽ ഭൂഗർഭത്തിലൂടെ ആയിരിക്കുമെന്നതിനാൽ അതിനായി സ്ഥലമേറ്റെടുക്കേണ്ട ആവശ്യമില്ല. അതിവേഗ റെയിൽപ്പാത കൂടുതൽ ഭാഗവും പില്ലറുകളിൽ സ്ഥാപിക്കുന്ന ഗർഡറുകളിലൂടെയാണ് കടന്ന് പോകുന്നത്. ആകെ ദൈർഘ്യത്തിന്റെ 10 മുതൽ 12 ശതമാനം വരെമാത്രമേ ഉപരിതലത്തിലൂടെ കടന്ന് പോവുകയുള്ളൂ. സ്റ്റേഷന്റെ സ്ഥലമൊഴിച്ച് മറ്റിടങ്ങളിൽ 20 മീറ്റർ വീതിയിൽ മാത്രമേ സ്ഥലം ഏറ്റെടുക്കേണ്ടതുള്ളൂ. അതിവേഗ റെയിലിന് എട്ടുവരിപ്പാതയിലൂടെ പോകുന്ന മോട്ടോർവാഹനങ്ങളുടെ കപ്പാസിറ്റിയുണ്ടായിരിക്കും. എന്നാൽ എട്ട് വരിപ്പാതയ്ക്ക് ഉദ്ദേശം 60 മുതൽ 80 മീറ്റർ വരെ വീതിയുള്ള സ്ഥലമാവശ്യമാണ്. ആയതിനാൽ റോഡുമായി താരതമ്യം ചെയ്യുമ്പോൾ അതിവേഗ റെയിൽപ്പാതമൂലം ബാധിക്കുന്ന ജനങ്ങളുടെ എണ്ണം 1/10 മാത്രമായിരിക്കും. തിരുവനന്തപുരം മുതൽ കണ്ണൂർ വരെ അതിവേഗ റെയിലിന്റെ യാത്രാസമയം രണ്ട് മണിക്കൂറായി കുറയുകയും റോഡിൽ ഇപ്പോൾ സംഭവിക്കുന്ന അപകടങ്ങൾ 50 ശതമാനത്തോളം കുറയുന്നതുമാണ്.

തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള അതിവേഗ റെയിൽപ്പാതയ്ക്ക് ഉദ്ദേശം 65000 കോടി രൂപ ചെലവ് വരുന്നതാണ്. അതിവേഗ റെയിൽ നടപ്പിലാക്കുന്നതിനുള്ള ചെലവ് ഭീമമാണെങ്കിലും അതിന്റെ മെയിന്റനൻസിന് ആവശ്യമായ ചെലവ് നിലവിലുള്ള റെയിൽവേയ്ക്ക് തുല്യമായിരിക്കുന്നതാണ്. ഇത് നടപ്പിലാക്കുന്നതിനാവശ്യമായ ചെലവിന്റെ 85 ശതമാനത്തോളം ജപ്പാൻ സർക്കാരിൽ നിന്നും സ്റ്റെപ്പ് ലോൺ ആയി ലഭിക്കാൻ സാദ്ധ്യതയുണ്ട്. ഇതിന്റെ ആവശ്യത്തിലേയ്ക്കായി 600 ഹെക്ടർ സ്ഥലം വേണ്ടി വരുന്നതാണ്. (സ്വകാര്യവ്യക്തിയുടെ 450 ഹെക്ടറും സർക്കാരിന്റെ 150 ഹെക്ടറും) നിർദ്ദിഷ്ട അതിവേഗ റെയിൽപ്പാത നിർമ്മാണത്തിൽ നിലവിലുള്ള 4000-ൽ താഴെ കെട്ടിടങ്ങളേയും 40,000 -ൽ താഴെ വൃക്ഷങ്ങളേയുമെ ബാധിക്കുകയുള്ളൂ.

വൈദ്യുതി ചാർജ്ജ് കുടിശ്ശികയും വൈദ്യുതി വാങ്ങലും

19 (*49) ശ്രീ. കെ. അജിത്:
ശ്രീ സി. ദിവാകരൻ:
ശ്രീമതി ഇ. എസ്.ബിജിമോൾ:
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലെ വൻകിട വ്യവസായ സ്ഥാപനങ്ങളും എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളും വൈദ്യുതി ബോർഡിന് കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മൊത്തം എത്ര തുക ഈ ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം വൻ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി നിരക്ക് കൂടുതലായതിനാൽ അന്യസംസ്ഥാനത്തുള്ള വൈദ്യുതി ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങാൻ വൻകിട ഉപഭോക്താക്കൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ വൈദ്യുതി വാങ്ങുന്നതിന് എത്ര വൻകിടക്കാർക്ക് അനുമതി നൽകിയിട്ടുണ്ട്; ഇതിൽ പൊതുമേഖലയിൽ എത്ര വൻകിട ഉപഭോക്താക്കൾക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് ബോർഡ് എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പുറത്തു നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള അനുമതി (ഓപ്പൺ അക്സസ്) നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്.

കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ	38.74 കോടി രൂപ
സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ	170.79 കോടി രൂപ
കേരള വാട്ടർ അതോറിറ്റി	576.45 കോടി രൂപ
ആകെ	785.98 കോടി രൂപ

(ബി) കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾ/സ്ഥാപനങ്ങൾ എന്നിവയുടെ വൈദ്യുതിബന്ധം വിച്ഛേദിച്ച് റവന്യൂ റിക്കവറി നടപടികൾ നടത്തുകയും, അത്തരം നടപടിക്രമം ത്വരിതപ്പെടുത്തി കുടിശ്ശിക ഈടാക്കുകയുമാണ് ചെയ്യുന്നത്. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസുകളിൽ കോടതിയുടെ ഉത്തരവിന് അനുസൃതമായി മാത്രമേ കുടിശ്ശിക തുക ഈടാക്കുവാൻ സാധിക്കുകയുള്ളൂ. കുടിശ്ശിക ഈടാക്കുവാൻ, സാധാരണയായി വൈദ്യുതിബന്ധം വിച്ഛേദിക്കുക, കുടിശ്ശിക തുക അടയ്ക്കുവാൻ തവണ വ്യവസ്ഥ അനുവദിക്കുക, ഒറ്റത്തവണ തീർപ്പാക്കൽ നടത്തുക എന്നീ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) വൈദ്യുതിനിരക്ക് കൂടുതലായതിനാൽ അന്യസംസ്ഥാനത്തുള്ള വൈദ്യുതി ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങാൻ വൻകിട ഉപഭോക്താക്കൾക്ക് അനുമതി നൽകിയിട്ടില്ല. എന്നാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻകണക്ടിവിറ്റി ആന്റ് ഇൻട്രാ സ്റ്റേറ്റ് ഓപ്പൺ ആക്സസ് റെഗുലേഷൻ 2013 പ്രകാരം ലൈനിന് ശേഷിയുണ്ടെങ്കിൽ പുറമെ നിന്നും വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങാവുന്നതാണ്. മേൽ റെഗുലേഷൻ പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ അപേക്ഷയിന്മേൽ ഓപ്പൺ ആക്സസ് അനുവദിക്കുന്നുണ്ട്. ഇതിനായി വൻകിട ഉപഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ടി റഗുലേഷന് അനുസൃതമായി വൈദ്യുതി ബോർഡ് സമയബന്ധിതമായി അനുമതി നൽകി വരുന്നു. എസ്.എൽ.ഡി.സി-യിൽ നിന്ന് ഓപ്പൺ ആക്സസിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള ഉപഭോക്താക്കളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്."

(ഡി) പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള പ്രസരണ ശൃംഖലയുടെ ശേഷിയേക്കാൾ കൂടുതൽ വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരേണ്ടതായ സാഹചര്യമുണ്ടായാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻകണക്ടിവിറ്റി ആന്റ് ഇൻട്രാസ്റ്റേറ്റ് ഓപ്പൺ ആക്സസ് റെഗുലേഷൻ 2013 പ്രകാരം സംസ്ഥാനത്തിന് അകത്തുനിന്നും പുറമെനിന്നും വൈദ്യുതി വാങ്ങുന്നതിനും വിൽക്കുന്നതിനും (ഡിസ്ട്രിബ്യൂഷൻ ലൈസൻസിയെ പരിഗണിച്ചശേഷം) ഉപഭോക്താക്കൾക്ക് ഓപ്പൺ ആക്സസ് അനുമതി നൽകി വരുന്നുണ്ട്. ഇത് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല.

ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം

20 (*50) ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റ്റി. യു. കുരുവിള:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആദിവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സംയോജിത പ്രവർത്തനം പ്രാബല്യത്തിൽ വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly